DESPATCHED
On. 14/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.626 (5)/2020/SIC
### തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 2936/SIC-G7/2020

സന്നിഹിത
ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി :. 30.11.2022

ശ്രീ ഷിമ്മിത്ത് ടി.,
കണ്ടത്തിൽ ഹൗസ്, എളമ്പാറ,
എളമ്പാറ പി.ഒ - 670 595. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കീഴല്ലൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
പാലയോട് പി.ഒ, എടയന്നൂർ, കണ്ണൂർ - 670 593.

2. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ്ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 04.12.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 19.12.2019 |
| ഒന്നാം അപ്പീൽ | 14.01.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.02.2020 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 21.02.2020 |
| ഹിയറിംഗ് തീയതി, | 11.04.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, കീഴല്ലൂർ പഞ്ചായത്തിലെ പാലയോട് പ്രദേശത്ത് എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ബസ് വെയിറ്റിംഗ് ഷെൽട്ടറിന്റെ എസ്റ്റിമേറ്റ് തുകയും ചെലവഴിച്ച തുകയും എത്രയാണ്, നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിച്ചവരുടെ പേരും മേൽവിലാസവും ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്.

2. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ പ്രതിപാദിച്ചിരിക്കുന്ന നിർമ്മാണം നടന്ന വർഷമോ മറ്റ് അനുബന്ധ വിവരങ്ങളോ ഒന്നും തന്നെ രേഖപ്പെടുത്തിയിരുന്നില്ലെന്നും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണം മറ്റ് പ്രവൃത്തികളുടെ മേൽനോട്ടം, ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമല്ലെന്നും അത്തരം വിവരങ്ങൾ പൂർണ്ണമായും മറ്റൊരു പൊതു അധികാരിയുടെ ഓഫീസ് മുഖേന ലഭ്യമാക്കേണ്ടവയാണെന്നും ആയതിനാലാണ് അപ്രകാരം മറുപടി ലഭ്യമാക്കിയതെന്നും അപ്പീൽ അധികാരിയുടെ 05.02.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം കൈമാറിയിട്ടുണ്ടെന്നും കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

3. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും എതിർകക്ഷിയുടെ മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരം ഓഫീസിൽ ലഭ്യമല്ലെന്ന മറുപടിയാണ് എസ്.പി.ഐ.ഒ നൽകിയിരിക്കുന്നത്. എന്നാൽ എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ തീർപ്പാക്കിയതിൽ എസ്.പി.ഐ.ഒ. യുടെ മറുപടിയിൽ അപാകതയുണ്ടെന്നും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം കൈമാറേണ്ടതാണെന്നും അപ്പീൽ അധികാരി ഉത്തരവിട്ടതിനെ തുടർന്നാണ് എസ്.പി.ഐ.ഒ പ്രസ്തുത അപേക്ഷ കൈമാറിയിരിക്കുന്നത്. ആയത് എസ്.പി.ഐ.ഒ.യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് എസ്.പി.ഐ.ഒ.യ്ക്ക് കർശന നിർദ്ദേശം നൽകുന്നു.

4. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിന്മേൽ മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്ന് എസ്.പി.ഐ.ഒ അറിയിച്ചെങ്കിലും മറുപടി ലഭ്യമായില്ലെന്ന് ആരോപിച്ചുകൊണ്ടാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചത്.

പ്രസ്തുത സാഹചര്യത്തിൽ ഹർജിക്കാരന് മറുപടി ലഭ്യമാക്കിയതിന്റെ തെളിവായി ഡെസ്പാച്ച് രജിസ്റ്ററും മറ്റ് അനുബന്ധ രേഖകളും ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 നവംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn